FRIDAY 16/08/2024 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/08/2024

1. 2024-25 സംസ്ഥാനതല കർഷക ദിനാഘോഷ ഉദ്ഘാടനവും (ചിങ്ങം-1), 2023 വർഷത്തെ കാർഷിക അവാർഡ് വിതരണവും കൃഷിവകുപ്പിന്റെ സേവനങ്ങൾക്കുള്ള ഏക ജാലക സംവിധാനമായ കതിർ ആപ്പിന്റെ ലോഞ്ചും നിയമസഭ സമുച്ചയത്തിലെ ആർ. ശങ്കര നാരായണൻ തമ്പി ഹാളിൽ വച്ച് 17.08.2024 ശനിയാഴ്ച വൈകിട്ട് 3.00 മണിക്ക് നടത്തപ്പെടുന്നു.

2. 2024-25 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക യന്ത്രവൽക്കരണം കൈതാങ്ങ് (Support to Farm Mechanization) എന്ന പദ്ധതിയിൽ കേരളത്തിലെ കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സർവ്വീസ്/അറ്റകുറ്റപ്പണികൾക്ക് ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജില്ലയിലെ കാർഷിക എഞ്ചിനീയറിംഗ് ഓഫീസ് നേതൃത്വം നൽകിയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുത്ത് റിപ്പയർ ചെയ്ത് ഉപയോഗക്ഷമമാകുന്ന ചെറിയ ഇടത്തര കാർഷിക യന്ത്രങ്ങൾക്ക് സേവന വേതനം കൊടുക്കേണ്ടതില്ല. സർവ്വീസ് ചെയ്യുമ്പോൾ ആവശ്യമായി വരുന്ന ചെറിയ സ്പെയർ പാർട്സുകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തന്നെ വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതാണ്. സർവ്വീസ് ആവശ്യമായി വരുന്ന വലിയ മെഷിനുകളായ ട്രാക്ടർ, കമ്പൈൻ ഹാർവെസ്റ്റർ എന്നിവയുടെ സ്പെയർ പാർട്സുകൾക്കും, സേവന വേതനത്തിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സബ്സിഡി സഹായം നൽകുന്നതാണ്. ഒരു ജില്ലയിൽ ഇരുപത് ക്യാമ്പുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2024 സെപ്റ്റംബർ മാസം ഒന്നാം ഘട്ടവും, 2025 ജനുവരി മാസം രണ്ടാം ഘട്ടവുമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447462572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കേരള കാർഷിക സർവകലാശാല കാർഷിക കോളേജ് വെള്ളാനിക്കരയിൽ മുളക്, വഴുതന, തക്കാളി എന്നിവയുടെ ഗ്രാഫ്റ്റഡ് തൈകളും സാധാരണ തൈകളും വില്പനയ്ക്ക് തയ്യാറാണ്. വിൽപ്പന സമയം രാവിലെ 9 മണി മുതൽ നാലുമണി വരെ. ബന്ധപ്പെടേണ്ട നമ്പർ:9188248481.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2024 സെപ്റ്റംബർ 11, ബുധനാഴ്ച്ച ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 സെപ്റ്റംബർ 10 ആണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. കേരള വെറ്ററിനറി ആൻ്റ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഡയറി സയൻസ് ആൻ്റ് ടെക്നോളജി, പൂക്കോടിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം 2024 ഓഗസ്റ്റ് 21, 22 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പനീർ, ചന്ന, ഖോവ, പേട, വേ സ്ക്വാഷ്, പനീർ അച്ചാർ, നെയ്യ്, രസഗുള, ഗീ കുക്കീസ് എന്നീ ഉത്പന്നങ്ങളുടെ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിർമ്മാണത്തിലാണ് പരിശീലനം നൽകുന്നത്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 8590661323, 7592904681 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'ആടുവളർത്തൽ ശാസ്ത്രീയ പരിപാലന രീതികൾ'**എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 23 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/-രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം